# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3546 — 11.12.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണവും നിർവ്വഹണവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണവും നിർവ്വഹണവും സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; മുൻ കാലത്തെ അപേക്ഷിച്ച് കൈവരിച്ച പുരോഗതി അറിയിക്കാമോ; | (എ)<br>&<br>(ബി) | പതിമൂന്നാം പദ്ധതിയ്ക്ക് മുമ്പ് ഉണ്ടായിരുന്ന 8 മാസം പദ്ധതി രൂപീകരണം, 4 മാസം പദ്ധതി നിർവ്വഹണം എന്ന രീതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാറ്റമുണ്ടായി. 2017-18 ൽ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ 2017 ജൂൺ 15-ാം തീയതിക്കു മുമ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചു. 2018-19 വർഷത്തിൽ 1147 തദ്ദേശഭരണസ്ഥാപനങ്ങൾ 2018 മാർച്ച് 31 ന് മുമ്പും ശേഷിച്ച 53 എണ്ണം 2018 ഏപ്രിൽ മാസത്തിലും പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് ഉണ്ടായ പ്രളയം കാരണം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ കുറച്ച് സമയനഷ്ടം ഉണ്ടായെങ്കിലും പദ്ധതി രൂപീകരണവും അംഗീകാരവും നേരത്തെത്തന്നെ പൂർത്തിയാക്കിയതുകൊണ്ട് ഏറ്റവും പുതിയ കണക്കുകളനുസരിച്ച് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതിചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. |
| (ബി) | പ്രളയം സൃഷ്ടിച്ച പ്രതിസന്ധിക്കിടയിലും തദ്ദേശ സ്ഥാപനങ്ങളിലെ ഈ വർഷത്തെ പദ്ധതിയിൽ പുരോഗതി കൈവരിക്കാനായോ; ഇതിനായി ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>വർഷം</th><th>ജനറൽ</th><th>എസ്.സി.പി</th><th>റ്റി.എസ്.പി</th><th>ആകെ</th></tr>
<tr><td>2018-19</td><td>48.88</td><td>35.47</td><td>32.61</td><td>44.37</td></tr>
<tr><td>2017-18</td><td>38.14</td><td>22.85</td><td>3.34</td><td>28.28</td></tr>
<tr><td>2016-17</td><td>28.24</td><td>5.93</td><td>1.03</td><td>11.73</td></tr>
<tr><td>2015-16</td><td>33.05</td><td>13.44</td><td>2.07</td><td>19.52</td></tr>
<tr><td>2014-15</td><td>31.41</td><td>14.60</td><td>2.53</td><td>22.85</td></tr>
</table>
പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക രീതിയിൽ മാർച്ച് 31 ന് മുമ്പ് തന്നെ പദ്ധതി അംഗീകാരം നേടുന്നതിന് നടപടികൾ സ്വീകരിച്ചത്, തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതലങ്ങളിൽ നടത്തി വരുന്ന പദ്ധതി നിർവ്വഹണ അവലോകന യോഗങ്ങൾ, പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ളാൻ മോണിറ്ററിംഗ് സെൽ നിരന്തരം പദ്ധതി പുരോഗതി നേരിട്ട് വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തത് എന്നിവ പദ്ധതി പുരോഗതിയിൽ മുന്നേറ്റം ഉണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>നാടിന്റെ വികസനം ജനാഭിലാഷത്തിനനുസരിച്ച് എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ജനകീയാസൂത്രണം രാജ്യവ്യാപകമായി പകർത്താൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;</td>
<td>(സി)</td>
<td>കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം മാതൃകയിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan – GPDP) എന്ന പേരിൽ വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.</td>
</tr>
</table>

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ പുതുക്കിയ രൂപത്തിൽ നടപ്പാക്കി വരുന്ന രണ്ടാം ഘട്ട ജനകീയാസൂത്രണ പരിപാടി ലക്ഷ്യം കാണുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ? | (ഡി) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ പ്രാദേശിക ഗവൺമെന്റുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതിരൂപീകരണ പ്രക്രിയ ലളിതവും കാര്യക്ഷമമാക്കുകയും പദ്ധതിരൂപീകരണം സമയബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതിയിലെ ആദ്യ രണ്ട് വർഷങ്ങളിലെ പ്രധാന ഊന്നൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയ ബന്ധിതമാക്കുക എന്നതായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. ഒപ്പം വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കുന്നതിനും നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുകയും സർക്കാർ ഉത്തരവുകളിൽ ഇതിനാവശ്യമായ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. 2019-20 വാർഷിക പദ്ധതിക്ക് ഡിസംബർ 31 നകം ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ 23.10.2018ലെ സ.ഉ(സാധാ.) നം. 2710/2018/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ